പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2619 21.06.2012ൽ മറുപടിയ്ക്ക്

# കോളേജ് സർവ്വീസ് കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ:<br>ശ്രീമതി.ഇ.എസ്.ബിജിമോൾ:<br>ശ്രീ.പി.തിലോത്തമൻ:<br>ശ്രീ.ജി.എസ്.ജയലാൽ: | വിദ്യാഭ്യാസ വകുപ്പ് മന്ത്രി<br>(പി.കെ.അബ്ദുറബ്ബ്) |
| (എ) യു.ആർ.അനന്തമൂർത്തി കമ്മിറ്റിയുടെ റിപ്പോർട്ട് എന്നാണ് ലഭിച്ചത് ; | (എ) യു.ആർ.അനന്തമൂർത്തി കമ്മിറ്റിയുടെ റിപ്പോർട്ട് 2010 നവംബറിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിനാണ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബഹു.മുൻവിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് 2010 ഡിസംബറിൽ നേരിട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് കോളേജ് സർവ്വീസ് കമ്മീഷൻ രൂപീകരിക്കണമെന്ന ശുപാർശയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (ബി) കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് കോളേജ് സർവ്വീസ് . കമ്മീഷൻ രൂപീകരിക്കണമെന്ന ശുപാർശയിന്മേൽ ഇതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് മുമ്പായി പുതിയ കമ്മീഷന് രൂപം നൽകിയിട്ടുണ്ടോ? | (സി) | സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. എന്നാൽ ദേശീയ അന്തർദ്ദേശിയ തലത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട് സംസ്ഥാന ഉന്നതവിദ്യാഭ്യാസ നയങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച ഉപദേശങ്ങൾ നൽകാൻ ഡോ. ജെ.എ.കെ തരീൻ, (വൈസ് ചാൻസലർ, പോണ്ടിച്ചേരി യൂണിവേഴ്സിറ്റി ) ചെയർമാനായി ഒരു സമിതി ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ